**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 743** **09-08-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുതനിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ എത്ര തവണ വൈദ്യുതനിരക്ക് വർധിപ്പിച്ചിട്ടുണ്ട്; ഓരോ തവണയും വർദ്ധിപ്പിച്ച നിരക്ക് എത്രയാണ്; ഈ ഇനത്തിൽ എത്ര രൂപയുടെ അധിക വരുമാനം കെ.എസ്.ഇ.ബി.ക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഒരു തവണ മാത്രം നിരക്ക് പരിഷ്കരിച്ചിട്ടുണ്ട്. 25.06.2022 മുതൽ പ്രാബല്യമുള്ള പ്രതിവർഷം 1010.94 കോടി രൂപ അധിക വരുമാനം ലഭിക്കത്തക്ക രീതിയിലുള്ള 6.58% വർധനയുള്ള താരിഫ് പരിഷ്കരണം ആണ് അനുവദിച്ചിട്ടുള്ളത്. 26.06.2022 മുതൽ മാത്രം പ്രാബല്യം വരുത്തിയതിനാൽ, 2022-23 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഏകദേശം 760 കോടി രൂപ മാത്രം അധിക വരുമാനം ലഭ്യമായിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ എത്ര തവണ വൈദ്യുത സർചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്; ഓരോ തവണയും വർദ്ധിപ്പിച്ച നിരക്ക് എത്രയാണ്; ഈ ഇനത്തിൽ എത്ര രൂപയുടെ അധിക വരുമാനം കെ.എസ്ഇ.ബിക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | ഇന്ധന വിലയിലെ ഏറ്റക്കുറച്ചിലുകൾ കാരണം വൈദ്യുതി വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ യഥാസമയം ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്നതിനായി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് റെഗുലേഷനിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് 2009 മുതൽ 2023 വരെ വൈദ്യുതി വാങ്ങൽ വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ കമ്മീഷൻ അംഗീകരിച്ച നിരക്കിൽ അംഗീകരിച്ച കാലയളവിലേക്ക് ഈടാക്കി വരുന്നു. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ കേന്ദ്ര ഊർജ്ജ മന്ത്രാലയം പുറപ്പെടുവിച്ച വൈദ്യുതി ഭേദഗതി നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് താരിഫ് റെഗുലേഷനിലെ ഇന്ധന സർചാർജ്ജ് പ്രതിപാദിക്കുന്ന 87-ാം ചട്ടം പരിഷ്കരിച്ച് കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും പ്രസ്തുത ചട്ടത്തിൽ ഏപ്രിൽ 2023 മുതൽ ഇന്ധന വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ കാരണം വൈദ്യുതി വിലയിലുണ്ടാകുന്ന വ്യതിയാനം കമ്മീഷൻ നിഷ്കർഷിച്ച ഫോർമുല അനുസരിച്ച് കണക്കാക്കി പരമാവധി 10 പൈസ വരെ ഇന്ധന സർചാർജ്ജ് ആയി പ്രതിമാസം ഉപഭോക്താക്കളിലേക്ക് കൈമാറാൻ |

| | | | |
|---|---|---|---|
| | | | ലൈസൻസികളെ അനുവദിച്ച് കൊണ്ട് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>പ്രസ്തുത ചട്ടങ്ങൾ അനുസരിച്ച് കാലാകാലങ്ങളായി ഇന്ധന സർചാർജ്ജ് ഈടാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ താരിഫ് ചട്ടങ്ങൾ അനുസരിച്ച് ഏർപ്പെടുത്തിയ ഇന്ധന സർചാർജ്ജിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

<table>
<tr><th>ഇന്ധന സർചാർജ്ജിന് ആധാരമായ കാലയളവ്</th><th>റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച തുക (കോടി രൂപയിൽ)</th><th>നിരക്ക് (രൂപ/ യൂണിറ്റ്)</th><th>ഈടാക്കിയ/ ഈടാക്കുന്ന കാലയളവ്</th><th>ഈടാക്കിയ തുക (കോടി രൂപയിൽ)</th></tr>
<tr><td>2022 ഏപ്രിൽ മുതൽ ജൂൺ വരെ</td><td>87.07</td><td>0.09</td><td>ഫെബ്രുവരി 2023 മുതൽ 4 മാസക്കാലം</td><td>77.63 (30.06.2023 വരെ)</td></tr>
<tr><td>2022 ജൂലൈ മുതൽ ഡിസംബർ വരെ</td><td>248.04</td><td>0.09</td><td>2023 ജൂൺ മുതൽ കമ്മീഷൻ അംഗീകരിച്ച തുക പിരിച്ചെടുക്കുന്നത് വരെ</td><td>1.79 (30.06.2023 വരെ)</td></tr>
<tr><td>2023 ഏപ്രിൽ</td><td>26.55</td><td>0.10</td><td>2023 ജൂൺ</td><td>23.92 (30.06.2023 വരെ)</td></tr>
<tr><td>2023 മെയ്</td><td>19.66</td><td>0.09</td><td>2023 ജൂലൈ</td><td rowspan="2">കണക്കുകൾ തീർപ്പാക്കി വരുന്നു.</td></tr>
<tr><td>2023 ജൂൺ</td><td>33.92</td><td>0.10</td><td>2023 ഓഗസ്റ്റ്</td></tr>
</table>

സെക്ഷൻ ഓഫീസർ